ലുള്ള പദ്ധതികൾ കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കാനുള്ള ശ്രമങ്ങളുടെ ഭാഗ മായി നടപ്പിലാക്കി വരുന്നു. 2000-2001 ലെ കർണാടകാ സർക്കാരിന്റെ ബഡ്ജറ്റിൽ മുതൽ മുഴുവൻ അടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊടുത്തു കൊണ്ടുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു.

(സി) ഇല്ല.

(ഡി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കു ന്നുണ്ട്. എന്നാൽ കാലാകാലങ്ങളിൽ വിവിധ കോടതികൾ അനുവദിക്കുന്ന സ്റ്റേ ഉത്തരവ് കുടിശ്ശികക്കാരുടെ സാമ്പത്തിക പരാധീനത തുടങ്ങിയ കാരണ ങ്ങളാൽ കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിയാറില്ല.

(ഇ) ഇല്ല.

അതിർത്തി കടന്നെത്തിയ ടാങ്കർ ലോറികൾ

67 (401) ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം അതിർത്തി കടന്നെ ത്തുന്ന വാഹനങ്ങളെ സംബന്ധിക്കുന്ന വില്പന നികുതിവകുപ്പിന്റെ ചെക്ക്പോസ്റ്റിലെ നമ്പർ വൺ രജിസ്റ്ററിൽ 68907,68908 എന്നീ നമ്പരുകളിൽ രണ്ട് ടാങ്കർലോറികൾ ആര്യൻകാവ് പാസ്കടന്ന് കേരളത്തിൽ എത്തിയിട്ടുള്ള തായി രേഖയുണ്ടോ;

(ബി) പ്രസ്തുത ക്രമ നമ്പരുകളിൽ എത്തിയ ടാങ്കർ ലോറികളുടെ രജിസ്ട്രേഷൻ നമ്പർ ഏതെല്ലാമായിരുന്നു;

(സി) ഈ ലോറികൾ എവിടെ രജിസ്റ്റർ ചെയ്തവയാണ്;

(ഡി) ഈ ടാങ്കർ ലോറികൾ സ്പിരിറ്റ് കടത്തിക്കൊണ്ടുവന്നവ യാണോ;

(ഇ) എങ്കിൽ ഈ സംസ്ഥാനത്തെ ആവശ്യത്തിനുവേണ്ടിയുള്ള സ്പിരിറ്റായിരുന്നുവോ അതിൽ ഉണ്ടായിരുന്നത്;

(എഫ്) അല്ലാത്തപക്ഷം അത് ഈ സംസ്ഥാനത്തുകൂടി സ്പിരിറ്റ് കയറ്റി മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് പോയ ടാങ്കർ ലോറികൾ ആയിരു ന്നുവോ;

(ജി) ആണെങ്കിൽ പ്രസ്തുത ടാങ്കർലോറികളുടെ എക്സിറ്റ് പാസ് നമ്പർ എത്രയായിരുന്നു;

(എച്ച്) ഈ ലോറികളിൽ കൊണ്ടുപോയ സ്പിരിറ്റ് ലക്ഷ്യസ്ഥാനത്തെ ത്തിച്ചശേഷം എക്സിറ്റ് പാസ്സുകൾ ആര്യങ്കാവ് വില്പനനികുതി ചെക്ക്പോ സ്റ്റിൽ തിരിച്ചെത്തിച്ചുവോ;

(ഐ) ഇല്ലാത്തപക്ഷം ഈ ടാങ്കർലോറികൾ അവയിലുണ്ടായിരുന്ന സ്പിരിറ്റ് എവിടെ കൊടുത്തു എന്ന വിവരം അന്വേഷിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ജെ) ഈ സംസ്ഥാനത്ത് രജിസ്റ്റർചെയ്ത ടാങ്കർ ലോറി ആര്യങ്കാവ് പാസ് വഴി സ്പിരിറ്റുമായി സംസ്ഥാനത്തേക്ക് കടന്നപ്പോൾ അത് സംബന്ധ മായി കൂടുതൽ അന്വേഷണം നടത്താതിരുന്നതെന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഈ ടാങ്കർ ലോറികളിൽ എന്ത് വിലയുള്ള എത്ര ലിറ്റർ സ്പിരിറ്റ് ഉണ്ടായിരുന്നു?

ഉത്തരം

(എ) 6-5-99 ൽ നമ്പർ 1 രജിസ്റ്ററിൽ ക്രമനമ്പർ 68907, 68908 പ്രകാരം രണ്ട് ലോറികൾ എത്തിയതായി രേഖയുണ്ട്.

(ബി) നമ്പർ 1 രജിസ്റ്ററിൽ 68907 പ്രകാരം പതിച്ച കെ.എൽ-7 എച്ച് 3672 ഉം 68908 പ്രകാരം കെ.എൽ 7 ജെ 3780 ഉം ആണ്.

(സി) എറണാകുളം ജില്ലയിൽ.

(ഡി) റെക്ടിഫൈഡ് സ്പിരിറ്റ് കൊണ്ടുവന്നവയായിരുന്നു.

(ഇ) അല്ല.

(എഫ്) സ്പിരിറ്റ് കയറ്റി ഗോവയിലേക്ക് കൊണ്ടുപോകുകയായിരുന്നു.

(ജി) ക്രമനമ്പർ 68907-കെ.എൽ7 എച്ച് 3672-ട്രാൻസിറ്റ് പാസ് നമ്പർ 132/99-6-5-99, നംപർ 68908-കെ.എൽ.7 ജെ.3780-131/99-6-5-99.

(എച്ച്) ട്രാൻസിറ്റ് പാസ്സുകൾ തിരിച്ചെത്തുന്നത് പുനലൂർ വില്പന നികുതി ഓഫീസിലാണ്. എന്നാൽ അവിടെ തിരിച്ചെത്തിയിട്ടില്ല.

(ഐ) ട്രാൻസിറ്റ് പാസ്സുകൾ തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ ഈ ടാങ്കർ ലോറികളിൽ കൊണ്ടുവന്ന സ്പിരിറ്റ് സംസ്ഥാനത്തിനകത്ത് വില്പന നടത്തിയതായി കണക്കായി ഓരോ ലോഡിനും 12 ലക്ഷം രൂപ വില കണക്കാക്കി 2 ലോഡിന് 24 ലക്ഷം രൂപയ്ക്ക് നികുതിയായി 2,40,000 രൂപ (രണ്ടു ലക്ഷത്തി നാല്പതിനായിരം രൂപയും സർചാർജ്ജ് ഇനത്തിൽ 24000 രൂപയും പിഴയായി 4,80,000(നാലു ലക്ഷത്തി എൺപതിനായിരം) രൂപയും ചുമത്തിക്കൊണ്ട് പുനലൂർ വില്പന നികുതി ഓഫീസർ 28-11-2000, 30-11-2000 എന്നീ തീയതികളിൽ ഉത്തരവായി. പ്രസ്തുത തുക അടയ്ക്കാനുള്ള ബാദ്ധ്യത താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുണ്ട്.

1. ധരണി ഷുഗർ-കെമിക്കൽസ് ലിമിറ്റഡ്, ധരണി നഗർ, തിരുനെൽവേലി.
2. ഫൈൻ കാർഗോ ഷുഗേഴ്സ്, അംബലമുകൾ, കൊച്ചിൻ.
3. ഫ്രണ്ട്സ് ട്രാൻസ്പോർട്ടിംഗ് കമ്പനി, അമ്പലമുകൾ, കൊച്ചിൻ.
4. സി.എം. സുന്നി പുലിനാടയിൽ ഹൗസ്, പിറവ

(ജെ) എക്സൈസ് വകുപ്പ് ഇതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി. അന്വേഷണത്തിൽ തമിഴ്നാട്ടിൽനിന്നും വന്ന സ്പിരിറ്റ് അതിന്റെ ലക്ഷ്യസ്ഥാനമായ ഗോവയിലേക്ക് എത്തിയതായി കാണുന്നില്ല. ഈ സ്പിരിറ്റ് കടത്ത് ഒന്നിൽ കൂടുതൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട് ഇതിന്റെ യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിന് ഒരു CBCID അന്വേഷണം വേണമെന്ന വകുപ്പുതലവന്റെ ശുപാർശ ഗവൺമെന്റ് അംഗീകരിക്കുകയും ഇപ്പോൾ സി.ബി.സി.ഐ.ഡി. അന്വേഷണം നടന്നുവരികയുമാണ്.

(കെ) ഓരോ ലോറിയിലും 1,93,440 രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി മൂന്ന് ആയിരത്തി നാനൂറ്റി നാല്പത് രൂപ മാത്രം) യ്ക്കുള്ള 12,000 ലിറ്റർ സ്പിരിറ്റ് വീതം ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly